**Desabhimani**
**17 July 2018**
**Kochi, Heavy Rain, Widespread Destruction**

# മഴ;ഒരു മരണം വ്യാപകനാശം

സ്വന്തം ലേഖിക

- ബുധനാഴ്ച വരെ ശക്തമായ മഴ
- മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പ്
- ജില്ലയിൽ മൊത്തം 77 ലക്ഷത്തിന്റെ കൃഷിനാശം

**കൊച്ചി**
കനത്ത മഴയിൽ ജില്ലയിൽ ഒരു മരണം. രണ്ടു ദിവസമായി തുടരുന്ന മഴയിൽ വ്യാപക നാശഷ്ടവും ഉണ്ടായി. കോതമംഗലത്ത് ചപ്പാത്ത് മുങ്ങിയതിനാൽ ആശുപത്രിയിൽ എത്തിക്കാൻ മാർഗമില്ലാതെ വെള്ളാരംകുത്ത് പുളിയനാനിക്കൽ ടോമി (55) ആണ് മരിച്ചത്. ഞായറാഴ്ച രാത്രിയിൽ കടുത്ത നെഞ്ചുവേദന അനുഭവപ്പെട്ട ടോമിയെ കോതമംഗലം ആശുപത്രിയിൽ എത്തിക്കാൻ താമസിച്ചതാണ് മരണത്തിനിടയാക്കിയത്.

എറണാകുളം നഗരത്തിൽ വെള്ളക്കെട്ടുമൂലവും മരം വീണും ഗതാഗത തടസ്സമുണ്ടായി. സൗത്ത് റെയിൽവേ സ്റ്റേഷനിൽ ട്രാക്കിൽ വെള്ളം കയറി സിഗ്നൽ സംവിധാനം തകരാറിലായി. വൈറ്റിലയിൽ രാവിലെ ഫ്ളക്സ് ബോർഡ് മറിഞ്ഞുവീണതിനെ തുടർന്നും ഗതാഗതം തടസ്സപ്പെട്ടു. കടലാക്രമണത്തെ തുടർന്ന് ചെല്ലാനം ഭാഗത്തേക്ക് ബസ് സർവീസുകൾ നിർത്തിവച്ചു.

കൊച്ചി നഗരത്തിലെ പ്രധാന റോഡുകളിൽ രൂക്ഷമായ വെള്ളക്കെട്ടാണ് അനുഭവപ്പെട്ടത്. സൗത്ത് നോർത്ത് റെയിൽവെ സ്റ്റേഷനിലെ റോഡുകൾ മുഴുവൻ വെള്ളത്തിലായത് ജനജീവിതം ബുദ്ധിമുട്ടിലാക്കി. നോർത്ത് റെയിൽവെ സ്റ്റേഷന് സമീപമുള്ള പരമാര റോഡിലും വെള്ളക്കെട്ട് അതിരൂക്ഷമാണ്. വെള്ളം കയറിയതിനെ തുടർന്ന് സ്വകാര്യ ബസുകൾ പരാമാര റോഡ് ഒഴിവാക്കി കച്ചേരിപ്പടിയിൽനിന്ന് നേരിട്ട് നോർത്ത് മേൽപ്പാലം വഴിയാണ് സർവീസ് നടത്തിയത്. ഗതാഗത കുരുക്കും രൂക്ഷമാണ്. സമീപത്തെ രണ്ടു പെട്രാൾ പമ്പുകളും പ്രവർത്തനം നിർത്തി. കടകൾ അടഞ്ഞുകിടക്കുകയാണ്. എംജി റോഡിൽ സൗത്ത് മുതൽ പത്മ വരെയുള്ള ഭാഗം പൂർണമായും വെള്ളത്തിനടിയിലാണ്. കടകളിലേക്കും വ്യാപാര സ്ഥാപനങ്ങളിലേക്കും വെള്ളം കയറിയതിനെ തുടർന്ന് വ്യാപാരം നിർത്തിവച്ചു. പ്രധാന റോഡുകൾ വെള്ളത്തിനടിയിലായതോടെ ആളുകൾ ഇടറോഡുകൾ യാത്രയ്ക്കായി തെരഞ്ഞെടുത്തത് ഗതാഗതക്കുരുക്കിനും കാരണമായി. പലരും ഓഫീസുകളിൽ വൈകിയാണ് എത്തിയത്. റോഡിൽ വെള്ളം കയറിയതിനാൽ കുഴികൾ അറിയാതെപോയത് ഇരുചക്ര വാഹന യാത്രക്കാർ അപകടത്തിൽപ്പെടാൻ കാരണമായി. വൈറ്റില ജങ്ഷന് സമീപം ഫ്ളക്സ് ബോർഡ് മറിഞ്ഞു വീണത് ഗതാഗതക്കുരുക്കിന് കാരണമായി.

എളമക്കര മേഖലയിലാണ് ഏറ്റവും അധികം മരം കടപുഴകി വീണത്. മരം വീണ് സമീപ പ്രദേശങ്ങളിലെ വൈദ്യുത ലൈനുകളിൽ തകരാറുണ്ടായി. പല വീടുകളിലും വെളിച്ചവും വെള്ളവും ഇല്ലാതെ കഷ്ടപ്പാടിലായി. പനമ്പള്ളി നഗറിലും രാത്രി മരം കടപുഴകി വീണു. കനത്ത മഴയെത്തുടർന്ന് മേയറുടെ ഡിവിഷനിലെ കെകെഎഫ് കോളനിവാസികൾ വെള്ളത്തിലായി. കമ്മട്ടിപ്പാടം പി ആൻഡ് ടി കോളനി, ഉദയ കോളനി, എംഐജി എന്നിവിടങ്ങളിലെ വീടുകളിൽ വെള്ളംകയറി. പി ആൻഡ് ടി കോളനിയിലെ 24 കുടുംബങ്ങളെ കടവന്ത്ര കേന്ദ്രീയ വിദ്യാലയത്തിലേക്ക് മാറ്റിപ്പാർപ്പിച്ചു.

പൂണിത്തുറയിൽ ഗാന്ധിസ്ക്വയറിന് സമീപത്തെ വീടുകളിലും പരിസരങ്ങളിലും വെള്ളം കയറി. പല വീടുകളിലും ചവിട്ടുപടിയോളം വെള്ളം പൊങ്ങി. 51□ാം ഡിവിഷനിലൂടെ പോകുന്ന തോട്ടിലെ ചളിയും മാലിന്യങ്ങളും നീക്കം ചെയ്യാത്തതാണ് വെള്ളക്കെട്ടിന് കാരണം എന്ന് നാട്ടുകാർ പറഞ്ഞു.

തമ്മനം എ കെ ജി കോളനിയിലെ 70 വീടുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് 30 കുടുംബങ്ങളെ കമ്യൂണിറ്റി ഹാളിലേക്ക് മാറ്റിപ്പാർപ്പിച്ചു. മുറിക്കകത്ത് വെള്ളം കയറിയതിനാൽ ഇവർക്ക് കിടക്കാനോ പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനോ ഭക്ഷണം പാകം ചെയ്യാനോ പറ്റാത്ത സാഹചര്യമാണ്. പൊന്നുരുന്നി കപ്പപ്പിള്ളി ലെയ്നിനു സമീപത്തെ വീടുകളിലും വെള്ളം കയറി. എന്നാൽ കൗൺസിലർ അജി ഫ്രാൻസിസിന്റെ നേതൃത്വത്തിൽ റെയിൽവേ ലൈനിന്റെ അടിയിൽ സ്ഥാപിച്ചിരുന്ന പൈപ്പിന്റെ തടസ്സം നീക്കം ചെയ്തതോടെ വെള്ളക്കെട്ട് മാറി. 46□ാം ഡിവിഷനിലെ വീടുകളിലും പരിസരങ്ങളിലും വെള്ളം കയറി. ശോഭ റോഡ്, പുതിയ റോഡ്, ഹരിതാ റോഡ്, കണിയപ്പിള്ളി റോഡ്, വൃന്ദാവൻ റോഡ്, പുല്ലുപറമ്പ്, ഉലകംപാറ, പതപ്പിള്ളി എന്നിവിടങ്ങളിലെ വീടുകളിലാണ് വെള്ളം കയറിയത്. ഉലകംപാറയിൽ അഞ്ച് വീടുകളിൽ വെള്ളം കയറി.

കനത്ത മഴയെത്തുടർന്ന് മട്ടാഞ്ചേരി സബ് ആർടി ഓഫീസിൽ വെള്ളം പൊങ്ങി. ഓഫീസിലും മുൻവശത്തുള്ള റോഡിലും വെള്ളം കയറി ഓഫീസിന്റെ പ്രവർത്തനം തടസ്സപ്പെട്ടു. അതേസയമയം ഡ്രൈവിങ് ടെസ്റ്റ്, ഫിറ്റ്നസ് ടെസ്റ്റ് തുടങ്ങിയവ തടസ്സമില്ലാതെ നടക്കുന്നുണ്ട്.

എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡ് മുഴുവനായും വെള്ളത്തിനടിയിലാണ്. സമീപത്തെ കാനയിലെ ദുഷിച്ച വെള്ളം സ്റ്റാൻഡിനുള്ളിലേക്ക് കയറിയത് യാത്രക്കാരെ ദുരിതത്തിലാക്കി.

പശ്ചിമ കൊച്ചിയിൽ മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, പള്ളുരുത്തി, കുമ്പളങ്ങി, കണ്ണമാലി, ചെല്ലാനം എന്നിവിടങ്ങൾ വെള്ളത്തിനടിയിലാണ്. ചെല്ലാനത്ത് കടൽ കയറ്റം രൂക്ഷമായി. അവിടേക്കുള്ള ബസ് സർവീസുകൾ നിർത്തിവച്ചു. ആലുവ മണപ്പുറം വെള്ളത്തിനടിയിലായി. പള്ളുരുത്തി കച്ചേരിപ്പടിയിലും ഇടക്കൊച്ചി അരൂർ പാലത്തിന് സമീപവും തിങ്കളാഴ്ച രാവിലെ രണ്ടു മരം കടപുഴകി വീണു.

ജില്ലയുടെ മറ്റ് പ്രദേശങ്ങളിലും മഴ ദുരിതം വിതച്ചു. കോതമംഗലം, ആലുവ, കാലടി, മൂവാറ്റുപുഴ എന്നിവിടങ്ങളിലും വ്യാപക കൃഷി നാശം ഉണ്ടായി. വീടുകൾക്കും കേടുപാടുകൾ സംഭവിച്ചു.

ജില്ലയിൽ മൊത്തം 77 ലക്ഷത്തിന്റെ കൃഷിനാശം ഉണ്ടായതായി കണക്കാക്കുന്നു. 30.6 ഹെക്ടറിലെ കൃഷിയാണ് നശിച്ചത്. 64 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ ഉണ്ടായി. മൂവാറ്റുപുഴ താലൂക്കിലും കണയന്നൂർ താലൂക്കിലുമാണ് കൂടുതൽ വീടുകൾക്ക് കേടുപാടുണ്ടായത്. മൂവാറ്റുപുഴയിൽ 19ഉം കുന്നത്തുനാട് 10 വീടുകളും ഭാഗികമായി തകർന്നു. 16 സെ. മീറ്റർ മഴ പെയ്തതായി കാലവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്നാണ് റിപ്പോർട്ട്. ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പിൽ പറയുന്നു.